"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

ഭവനനിർമ്മാണ വകുപ്പ്- വാർഷിക പദ്ധതി 2026-27-സംസ്ഥാന ഭവനനിർമ്മാണ ബോർഡ് - സർക്കാർ ജീവനക്കാർക്കായുള്ള വാടക ഭവന പദ്ധതി - ഭരണാനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.29/2026/HSG തീയതി,തിരുവനന്തപുരം, 03-10-2026

---

പരാമർശം:- 1. സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 06.08.2026-ലെ KSHB-HO/338/2025-AEE(PLANNING) നമ്പർ കത്ത്.

2. 18.08.2026-ൽ ഭവനനിർമ്മാണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

2026-27 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ, സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ വാടക അടിസ്ഥാനത്തിൽ സർക്കാർ ജീവനക്കാർക്കുള്ള ക്വാട്ടേഴ്സുകൾ നിർമ്മിച്ച് വാസയോഗ്യമായ ഫ്ലാറ്റുകൾ നൽകുവാൻ വേണ്ടിയുള്ള 'സർക്കാർ ജീവനക്കാർക്കായുള്ള വാടക ഭവന പദ്ധതി' യ്ക്കായി 6216-80-201-99(10) എന്ന ശീർഷകത്തിൽ നിന്നും ₹4,00,00,000/- (നാല് കോടി രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്.

2. മുൻ വർഷങ്ങളിൽ ഭരണാനുമതി നൽകിയിട്ടുള്ളതും നിലവിൽ കാസറഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് (50 ലക്ഷം), കാസറഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട്, (167 ലക്ഷം), വയനാട് ജില്ലയിലെ മാനന്തവാടി (123 ലക്ഷം) എന്നിവിടങ്ങളിൽ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ പദ്ധതികളുടെ പൂർത്തികരണത്തിനും, തിരുവനന്തപുരത്ത് നെട്ടയം എന്ന സ്ഥലത്ത് പ്രസ്തുത പദ്ധതി തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതിനും (10 ലക്ഷം) കോഴിക്കോട് മെഡിക്കൽ കോളേജിലുള്ള ഹൗസിംഗ് സ്കീമിനടുത്ത് പുതിയ പദ്ധതി (50 ലക്ഷം) നടപ്പിലാക്കുന്നതിനുമായി ബജറ്റ് വിഹിതമായ 4 കോടി രൂപയ്ക്ക് ഭരണാനുമതി നല്കണമെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി അഭ്യർത്ഥിച്ചു.

3. പ്രസ്തുത പ്രൊപ്പോസൽ 18.08.2026-ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി പരിശോധിക്കുകയും നിലിവിൽ വെള്ളരിക്കുണ്ട്, കാഞ്ഞങ്ങാട്, മാനന്തവാടി എന്നിവിടങ്ങളിൽ നിർമ്മാണം നടന്നുവരുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ തുക ചെലവഴിക്കുന്നതിനും തിരുവനന്തപുരം നെട്ടയത്ത് പദ്ധതി തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് അനുമതി നല്കുന്നതിനും തീരുമാനിച്ചു.

4. മേൽ സാഹചര്യത്തിൽ 2026-27 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ സർക്കാർ ജീവനക്കാർക്കായുള്ള വാടക ഭവന പദ്ധതിയ്ക്കായി 6216-80-201-99(10) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 4 കോടി രൂപയിൽ നിന്നും, തിരുവനന്തപുരം ജില്ലയിലെ നെട്ടയത്ത് പദ്ധതി തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായും, നിലവിൽ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തികരണത്തിനായും, നിലവിലുള്ള

പൊതുവ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി, ചുവടെപ്പറയും പ്രകാരം 350 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു .

1. തിരുവനന്തപുരം ജില്ലയിലെ നെട്ടയത്ത് പദ്ധതി തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ - 10 ലക്ഷം രൂപ
2. കാസറഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് (ഘട്ടം 5) - 50 ലക്ഷം രൂപ
3. കാസറഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് (ഘട്ടം 4) - 167 ലക്ഷം രൂപ
4. വയനാട് ജില്ലയിലെ മാനന്തവാടി - 123 ലക്ഷം രൂപ

ആകെ - 350 ലക്ഷം രൂപ

i. പദ്ധതിയുടെ നിർവ്വഹണ ഏജൻസി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ആയിരിക്കും. കൂടാതെ KSHB-യുടെ നിരീക്ഷണ സംവിധാനം ഉപയോഗപ്പെടുത്തേണ്ടതാണ്.
ii. സർക്കാർ അംഗീകരിച്ച് നല്കിയ പ്രോജക്ട് പ്രൊപ്പോസലിൽ മാറ്റം വരുത്താൻ പാടുള്ളതല്ല.
iii. പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമെങ്കിൽ ടെണ്ടർ/ ഇ-ടെണ്ടർ നടപടി സ്വീകരിക്കേണ്ടതും നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും പാലിക്കേണ്ടതുമാണ്.
iv. പദ്ധതിയുടെ കാലാവധി 2026-27 സാമ്പത്തിക വർഷമായിരിക്കും
v. നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തേണ്ടതും ബജറ്റിൽ അനുവദിച്ച ശീർഷകത്തിൽ നിന്നും മാത്രം തുക കണ്ടെത്തേണ്ടതുമാണ്.
vi. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട നിലവിലുള്ള ഉത്തരവുകളും നിയമപരമായ വ്യവസ്ഥകളും പാലിച്ച് എല്ലാ പ്രവർത്തനങ്ങളും സുതാര്യമായ രീതിയൽ നടപ്പിലാക്കേണ്ടതാണ്.
vii. ബജറ്റ് വിഹിതത്തിൽ നിന്നും ആവശ്യാനുസരണം മാത്രം തുക അനുവദിച്ച് നല്കുന്നതും, എന്നാൽ അനുവദിച്ച തുക ബാങ്കിൽ നിലനിർത്താൻ പാടില്ലാത്തതുമാണ്.
viii. തസ്തിക സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും ഈ പദ്ധതിയിൽ അനുവദനീയമല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ& ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ (പി. യൂ. സി) വകുപ്പ്
ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Krishnakumar S
Date: 03-10-2026
14:23:09
സെക്ഷൻ ഓഫീസർ